## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3567

23.06.2014 ന് മറുപടിയ്ക്ക്.

### വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദമാക്കുമോ; | (എ) വനവാസികളുടേയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടേയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് വന്യജീവി ആക്രമണം മൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും വിളനാശത്തിനും നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. കൂടാതെ അപകട മരണം/അംഗവൈകല്യം, പ്രകൃതി ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കി വരുന്ന പദ്ധതികളായ ദേശീയ വനവല്കരണ പരിപാടി, ദേശീയ ബാംബൂ മിഷൻ സ്കീം, ദേശീയ ഔഷധ സസ്യ ബോർഡ് പദ്ധതി എന്നിവ വഴി ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത സമൂഹങ്ങൾക്ക് പരമാവധി തൊഴിൽ നൽകി വരുന്നു. കേരള സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഇടുക്കിയിലെ ഇടമലക്കുടി, മുതുവാ വിഭാഗത്തിന്റേയും, പാലക്കാട് അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി വനം വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) ഇതിനായി വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. വന്യമൃഗ സങ്കേതങ്ങൾക്കുള്ളിൽ താമസിക്കുന്ന ഗോത്രവർഗ്ഗക്കാരുൾപ്പെടെയുള്ള സന്നദ്ധരായ കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം രണ്ടുരീതിയിലുള്ള നഷ്ടപരിഹാരം നൽകിയാണ് കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നത്. അവ താഴെപറയും പ്രകാരമാണ്. |

ഒപ്ഷൻ I:- ഈ ഓപ്ഷൻ അനുസരിച്ച് വനംവകുപ്പിന്റെ മാറ്റിപാർപ്പിക്കൽ കൂടാതെ ഓരോ അർഹതപ്പെട്ട കുടുംബവും 10 ലക്ഷം രൂപ സ്വീകരിച്ച് സ്വയം ഒഴിഞ്ഞുപോകേണ്ടതാണ്.

ഓപ്ഷൻ II:- ഈ ഓപ്ഷൻ അനുസരിച്ച് പുനരധിവാസ പദ്ധതിയിലെ ഒഴിഞ്ഞുപോകുന്ന ഓരോ അർഹതപ്പെട്ട കുടുംബത്തിനും 10 ലക്ഷം രൂപ നിരക്കിൽ കൃഷിഭൂമിയും വീടും സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും തരപ്പെടുത്തി വനംവകുപ്പ് താഴെപറയും പ്രകാരം പുനരധിവസിപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | രണ്ടുഹെക്ടർ കൃഷിഭൂമി വാങ്ങുന്നതിനും അതിൻറെ വികസനത്തിനും | ഒപ്ഷൻ-II പാക്കേജിൽ അനുവദനീയമായ 10 ലക്ഷം രൂപയുടെ 35% |
| 2 | ഭൂമിയുടെ അവകാശം തീർപ്പാക്കുന്നതിലേക്കായി | പാക്കേജിന്റെ 30% |
| 3 | വീട് വയ്ക്കാനുള്ള സ്ഥലവും വീട് നിർമ്മാണവും | പാക്കേജിന്റെ 20% |
| 4 | ഇൻസെൻറീവ് | പാക്കേജിന്റെ 5% |
| 5 | അടിസ്ഥാന സൗകര്യങ്ങൾ | പാക്കേജിന്റെ 10% |

ഇതിൽ ഏത് തിരഞ്ഞെടുക്കാനുള്ള അവകാശം അവിടുത്തെ താമസക്കാരാണ് കൂട്ടമായി ചേർന്ന് തീരുമാനിക്കേണ്ടത്. കേന്ദ്ര സർക്കാരിൽ നിന്ന് ധനസഹായം ലഭിക്കുന്നതനുസരിച്ച് മാത്രമെ പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യമാവുകയുള്ളൂ.

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റ്കളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ഉറപ്പ് വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ?

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരുടെ മറ്റ് സെറ്റിൽമെൻറുകളുമായുള്ള ബന്ധം നിലവിൽ മെച്ചപ്പെട്ട രീതിയിലാണ്. ഇതിലേക്കായി വനം വകുപ്പ് കൂടുതലായി എന്തെങ്കിലും ചെയ്യാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ